പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3088 **29-10-2026-ൽ മറുപടിയ്ക്ക്**

അട്ടപ്പാടി താലൂക്കിലെ പട്ടയവിതരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് അട്ടപ്പാടി ടൈബൽ താലൂക്കിലെ അഗളി, പുളൂർ, ഷോളയൂർ, കോട്ടത്തറ, കല്ലമല, പാടവയൽ എന്നീ ആറ് വില്ലേജുകളിൽ എത്ര പട്ടയങ്ങൾ വീതം വിതരണം ചെയ്തിട്ടുണ്ട്; അതിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; പട്ടയങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

മറുപടി: അട്ടപ്പാടി ടൈബൽ താലൂക്കിലെ അഗളി, പുളൂർ, ഷോളയൂർ, കോട്ടത്തറ, കല്ലമല, പാടവയൽ എന്നീ വില്ലേജുകളിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ആറ് വില്ലേജുകളിൽ ആകെ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക്, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര, പൊതു വിഭാഗത്തിന് എത്ര എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ;

മറുപടി: വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

(സി) മുൻ സർക്കാരിന്റെ കാലത്ത് പുളൂരിൽ പട്ടയ വിതരണം നടത്തിയത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി ടിങ്കു ബിസ്വാളിന്റെ ഉത്തരവ് മറികടന്ന് കോട്ടത്തറ വില്ലേജ് ഓഫീസർ 575 ഏക്കർ ഭൂമിക്ക് മണ്ണാർക്കാട് മൂപ്പിൽ നായരുടെ അവകാശികൾക്ക് കൈവശ അവകാശ സർട്ടിഫിക്കറ്റ് നൽകിയതിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

മറുപടി: അട്ടപ്പാടി ഭൂരേഖ തഹസിൽദാർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം അട്ടപ്പാടി താലൂക്ക്, പുളൂർ വില്ലേജിൽ, സർവ്വെ നമ്പർ 1130, 1132, 1134, 1135, 1136, 1137 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട ഏകദേശം 378 ഏക്കർ ഭൂമിക്ക് ആധാരമോ യാതൊരു കൈവശരേഖയോ ഇല്ലാതെ തമിഴ് നാട്ടിലെ ഏകദേശം 50 ഓളം ആളുകളുടെ പേരിൽ പുളൂർ വില്ലേജ് ഓഫീസിൽ നിന്ന് താത്കാലിക തണ്ടപ്പേർ അനുവദിച്ച് നികുതി സ്വീകരിച്ച് പട്ടയം അനുവദിക്കുന്നതിന് SM കേസുകൾ ബുക്ക് ചെയ്തിട്ടുണ്ട് എന്ന് അട്ടപ്പാടി ലാന്റ് ട്രിബ്യൂണൽ ഓഫീസിലെ രേഖകൾ പ്രകാരം കാണുന്നതായും എല്ലാ രേഖകളും പരിശോധിച്ച് കൈവശ വസ്തുവിന് സ്ഥിര തണ്ടപ്പേർ നൽകിയതിനു ശേഷം മാത്രം ഭൂനികുതി സ്വീകരിക്കുവാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം ഉണ്ടായിട്ടും മേൽ സർവ്വെ നമ്പരുകളിൽ താത്കാലികമായിഅനുവദിച്ചു നൽകിയ തണ്ടപ്പേർ റദ്ദ് ചെയ്യുവാനും ഇപ്രകാരം താത്കാലിക

തണ്ടപ്പേർ നൽകിയ സാഹചര്യം വിശദീകരിക്കുവാനും പുളൂർ വില്ലേജ് ഓഫീസറോട് ആവശ്യപ്പെടുകയും പ്രസ്തുത SM റിപ്പോർട്ടിലെ നടപടികൾ നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. തണ്ടപ്പേർ അനുവദിച്ചത് അട്ടപ്പാടി ഭൂരേഖ തഹസിൽദാർ റദ്ദ് ചെയ്ത നടപടിക്കെതിരെ ശ്രീമതി.ശിവഭാഗ്യം മുതൽപേർ ഫയൽ ചെയ്ത WP(C) Nos. 13321/2025, 38583/2025, 46145/2025, 10096/2026 നം കേസിൽ 02/09/2026 ലെ വിധിന്യായ പ്രകാരം തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

അഗളി സബ് രജിസ്ട്രാർ ഓഫീസ് വഴി 233.9187 ഹെക്ടർ ഭൂമി മൂപ്പിൽ നായരുടെ അവകാശികൾ എന്നു പറയുന്നവർ പല ആളുകൾക്ക് രജിസ്റ്റർ ചെയ്ത നല്കിയിട്ടുള്ളതാണ്. ആയതിന് വില്ലേജ് ഓഫീസിൽ നിന്നോ താലൂക്ക് ഓഫീസിൽ നിന്നോ കൈവശസർട്ടിഫിക്കറ്റോ, നികുതി രശീതോ, തണ്ടപ്പേരോ, ആർ.ഒ.ആറോ അനുവദിച്ചു നല്കാതെയാണ് ഈ ആധാരങ്ങൾ മുഴുവൻ രജിസ്റ്റർ ചെയ്ത നല്കിയിട്ടുള്ളത്. എന്നാൽ ഇതിലേക്കായി കോട്ടത്തറ മുൻ വില്ലേജ് ഓഫീസർ 21/10 /2023, 29/01/2024 എന്നീ തീയതികളിലായി 9 സാക്ഷ്യപത്രങ്ങൾ അനുവദിച്ചു നല്കിയിട്ടുണ്ട്. കൂടാതെ നിലവിൽ സസ്പെൻഷനിലിരിക്കുന്ന ഹെഡ് സർവ്വേയർ ടി സർവ്വേ നമ്പറുകളിൽ സ്കെച്ച് തയ്യാറാക്കി നല്കിയതായും കാണുന്നു. ടി സാക്ഷ്യ പത്രങ്ങളുടെയും, സ്കെച്ചിന്റെയും അടിസ്ഥാനത്തിൽ അഗളി സബ് രജിസ്ട്രാർ ഓഫീസിൽ 244 ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി അന്വേഷണത്തിൽ അറിയുന്നു. ആയത് ശ്രദ്ധയിൽപ്പെട്ട ഉടൻ ടി വസ്തുക്കൾക്ക് പോക്ക് വരവ് ചെയ്ത് തണ്ടപ്പേർ പിടിക്കരുതെന്ന് നിർദേശം നല്കിയതിന്റെ അടിസ്ഥാനത്തിൽ ടി ആധാരങ്ങൾ പോക്കുവരവ് ചെയ്യുകയോ തണ്ടപ്പേർ പിടിക്കുകയോ ചെയ്തിട്ടില്ലാത്തതും അപ്രകാരമുള്ള ഓൺലൈൻ ആധാരങ്ങളിൽ 100 ൽ അധികം ആധാരങ്ങൾ error list ലേക്ക് മാറ്റിയിട്ടുള്ളതും ടി ഭൂമികൾക്ക് നികുതി അടയ്ക്കുന്നത് നിരസിച്ചിട്ടുള്ളതുമാണ്. കേരള ഭൂപരിഷ്കരണ നിയമത്തിലെ വകുപ്പ് 120A പ്രകാരം മൂപ്പിൽ നായരുടെ പേരിലുണ്ടായിരുന്ന വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിന് വിലക്ക് ഏർപ്പ ടുത്തി ജില്ലാ കലക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കോട്ടത്തറ വില്ലേജ് ഓഫീസറായിരുന്ന ശ്രീ. ഷാജഹാൻ നിലവിൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതാണ്. ടിയാനെതിരെ നടപടി സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

2016-2026			
വില്ലേജ്	**ST**	**NON ST**	**ആകെ**
അഗളി	58	210	268
കള്ളമല	49	364	413
പാടവയൽ	27	30	57
പുതൂർ	79	24	103
കോട്ടത്തറ	65	121	186
ഷോളയൂർ	81	73	154
ആകെ	359	822	1181

അനുബന്ധം (2)

2026			
വില്ലേജ്	**ST**	**NON ST**	**ആകെ**
അഗളി	33	79	112
കള്ളമല	27	51	78
പാടവയൽ	15	17	32
പുതൂർ	43	9	52
കോട്ടത്തറ	24	25	49
ഷോളയൂർ	37	41	78
ആകെ	179	222	401